ഉത്തരം

(എ) ലാബ് ടെക്നീഷ്യൻ ഗ്രേഡ് - I - 38

ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II - 42

(ബി) ജനങ്ങളുടെയും ആശുപത്രികളുടെയും എണ്ണത്തിനനുസരിച്ചുള്ള തസ്തികകൾ നിലവിലില്ല.

(സി&ഡി) പാലക്കാട് ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് - II-ന്റെ 65 തസ്തികകൾ അടക്കം സംസ്ഥാനത്തൊട്ടാകെ ലാബ് ടെക്നീഷ്യൻമാരുടെ 667 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

ഡയാലിസിസ് യൂണിറ്റുകൾ

54 (2328) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്കാശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 4427/2011/ ആ.ക.വ. തീയതി 23-2-2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ പ്രവൃത്തികൾക്കും 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ കെ.എച്ച്.ആർ. ഡബ്ല്യു.എസ്. ആണ്

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ.-ലും പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. 2015-16-ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെടുങ്ങോലം, ഹരിപ്പാട് എന്നീ താലൂക്കാശുപത്രികളിൽ 7.10 കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതി വകുപ്പ് തീയതി 5-2-2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ അനുബന്ധമായി ചേർത്തിട്ടുള്ള 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വൃക്കകളുടെ പ്രവർത്തനം തകരാറിലായവരെ സ്വകാര്യ സെന്ററുകളുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും കുറഞ്ഞ നിരക്കിൽ ഡയാലിസിസ് നൽകാനും സാധിക്കുന്നു. കിഡ്നി പ്രവർത്തനം തകരാറിലായി കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ളവർക്ക് അനുയോജ്യമായ കിഡ്നി ലഭിക്കാതെ വരികയോ സാമ്പത്തിക പ്രതിസന്ധിമൂലം കിഡ്നി മാറ്റിവയ്ക്കലിന് വിധേയരാകുവാൻ കഴിയാതെ വരികയോ ചെയ്യുമ്പോൾ ഡയാലിസിസ് ചികിത്സ വേണ്ടിവരുന്നു. ഈ ചികിത്സ സർക്കാർ മേഖലയിൽ ഡയാലിസിസ് യൂണിറ്റുകൾ വഴി മിതമായ നിരക്കിൽ നൽകുവാൻ കഴിയുന്നു.

(സി) 2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ജനറൽ ആശുപത്രി പത്തനംതിട്ട, താലൂക്കാശുപത്രി തൊടുപുഴ, ജനറൽ ആശുപത്രി തൃശ്ശൂർ, ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 4427/2011/ആ.കു.വ. തീയതി 23/2/2011 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി യൂണിറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് 100 ലക്ഷം രൂപയും സാധന സാമഗ്രികൾ ഉൾപ്പെടെയുള്ളവ വാങ്ങുന്നതിനും അനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly

പ്രവൃത്തികൾക്കും 400 ലക്ഷംരൂപയും വകയിരുത്തിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആണ് നടപ്പിലാക്കിയത്. മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ.-ലും പൂർത്തിയാക്കിയിട്ടുണ്ട്. അഞ്ച് യൂണിറ്റുകളും നിലവിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. 2015-16-ൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നെടുങ്ങോലം, ഹരിപ്പാട് എന്നീ താലൂക്കാശുപത്രികളിൽ 7.10 കോടി രൂപ ചെലവിൽ 10 ബെഡ് വീതമുള്ള രണ്ട് ഡയാലിസിസ് യൂണിറ്റുകൾ തുടങ്ങാനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ) നം. 114/2013/നികുതി വകുപ്പ് തീയതി 5/2/2013 പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 27 ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

താലൂക്ക് ആസ്ഥാന ആശുപത്രി പുനലൂർ, ചേർത്തല, ഒറ്റപ്പാലം എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് അനുമതി ലഭിച്ച ഡയാലിസിസ് യൂണിറ്റുകൾ യഥാക്രമം താലൂക്ക് ആസ്ഥാന ആശുപത്രി കരുനാഗപ്പള്ളി, കായംകുളം, ചിറ്റൂർ എന്നിവിടങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

താൽക്കാലിക ജീവനക്കാരുടെ വേതനം

55 (2329) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളത്തിൽ ദേശീയ ആരോഗ്യപദ്ധതിയിൽ താത്കാലികമായി ജോലിചെയ്യുവരുന്ന പബ്ളിക് റിലേഷൻസ് ഓഫീസർമാർ അടക്കമുള്ള ജീവനക്കാരുടെ പ്രതിമാസ വേതനം ഉയർത്തണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർവ്വീസിലെ സീനിയോറിട്ടി, തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവയ്ക്കനുസൃതമായി ശമ്പളം പരിഷ്കരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാരുടെ ജോലിസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly